ഉത്തരം

(എ) നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. വിവിധാവശ്യങ്ങൾ ഗവൺമെന്റിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽ പരിശോധനയിലാണ്.

(ബി) സംസ്ഥാന സർക്കാരിന്റെ പെൻഷൻ കിട്ടുന്ന അർഹതപ്പെട്ടവർക്ക് ആവശ്യമായ രേഖകൾ സഹിതം അപേക്ഷിച്ചാൽ പെൻഷൻ ലഭിക്കുന്നതിന് തടസ്സങ്ങളൊന്നും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മതിയായ രേഖകൾ ഇല്ലെങ്കിലും സംസ്ഥാന സർക്കാരിന്റെ പെൻഷൻ ലഭിക്കുന്ന എല്ലാ സ്വാതന്ത്ര്യ സമര സേനാനികൾക്കും കേന്ദ്ര പെൻഷൻ അനുവദിക്കണമെന്ന ആവശ്യം മുഖ്യമന്ത്രി തന്നെ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവന്നിരുന്നു. പക്ഷേ കേന്ദ്ര സർക്കാർ ഈ ആവശ്യം നിരസിക്കുകയും, മതിയായ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രം കേന്ദ്ര സർക്കാരിലേക്ക് അയച്ചാൽ മതിയെന്ന് നിഷ്കർഷിക്കുകയും ചെയ്യുകയാണുണ്ടായത്.

(സി) സ്വാതന്ത്ര്യ സമര സേനാനി സംസ്ഥാന പെൻഷൻ ലഭിക്കുന്ന സ്വാതന്ത്ര്യ സമര സേനാനികൾക്കും അവരുടെ ആശ്രിതർക്കും നൽകിവന്നിരുന്ന 7% ക്ഷാമബത്ത 1-8-2003 മുതൽ 20% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചെലവാക്കിയ തുക

103 [1578] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓരോ നിയോജക മണ്ഡലത്തിലേക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര രൂപ വീതം ചെലവാക്കി എന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ കുന്ദമംഗലം നിയോജകമണ്ഡലത്തിൽ എത്രയാണ് ചെലവായിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

ദുരിതാശ്വാസ നിധിയിൽനിന്നും നൽകിയ ധനസഹായം

104 [1579] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഇതുവരെ എത്ര രൂപയുടെ ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly